# ശുചീകരണ പ്രവർത്തകർക്ക് വനംവകുപ്പിന്റെ പരിശീലനം



ശബരിമലയിൽ വിവിധ വകുപ്പുകളുടെ ശുചിത്വ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന പരിശീലന പരിപാടി സന്നിധാനത്തിന് സമീപമുള്ള വനംവകുപ്പ് ഇൻസ്പെക്ഷൻ ബംഗ്ലാവിൽ സംഘടിപ്പിച്ചു. തേക്കടി എക്കോളജിസ്റ്റ് ഡോ രമേശ്, വന്യ ജീവി ഫോട്ടോഗ്രാഫർസി. സുനിൽ കുമാർ എന്നിവർ ക്ലാസ്സ് നൽകി.

മകര മണ്ഡലവിളക്ക് ഒരുക്കങ്ങൾ എല്ലാം വനം കുപ്പ് പൂർത്തീകരിച്ചു. പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷൻ പമ്പാ റേഞ്ചിന്റെ പരിധിയിലാണ് ശബരിമല ക്ഷേത്രവും പരിസരവും സ്ഥിതിചെയ്യുന്നത്. ഫോറസ്റ്റിന്റെ അധികാരപരിധിയിൽ വരുന്ന രണ്ട് കാനന പാതകളാണ്ശബരിമലയിൽ എത്താൻ കഴിയുന്ന സത്രം, അഴുതക്കടവ് എന്നിവ. ഈ രണ്ടു പാതയിലും അയ്യപ്പഭക്തരുടെ സുരക്ഷ മുൻനിർത്തി എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. പമ്പ-കാനനപാതയിൽ അഴുതകടവ്, കല്ലിടാംകുന്ന്, വെള്ളാരംചെറ്റ, വള്ളിത്തോട്, പുതുശ്ശേരി, കരിമല ചെറിയാനവട്ടം, വലിയാനവട്ടം എന്നീ എട്ടു താവളങ്ങളിൽ അയ്യപ്പഭക്തർക്ക് കിടക്കാനുള്ള വിരികളും മറ്റു സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗ സാന്നിധ്യ മറിയാൻ നിരീക്ഷണ ക്യാമറകൾ, 150 ലധികം ഇക്കോ ഗാർഡുകൾ എന്നിവയുമുണ്ട്. 88 പ്രശ്നബാധിത പന്നികളെ മാറ്റിയിട്ടുണ്ട്. 75 ഫോറസ്റ്റ് പരിശീലനാർഥികളെയും വിന്യസിച്ചിട്ടുണ്ട്.

# സുരക്ഷയൊരുക്കി എൻ ഡി ആർ എഫ്



ശബരിമലയിൽ സുരക്ഷയ്ക്കായി നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (എൻഡിആർഎഫ്) ഉദ്യോഗസ്ഥരെയും വിന്യസിച്ചു. ചെന്നൈ നാലാം ബറ്റാലിയനിൽ നിന്നുമുള്ള കമാൻഡർ ഉമ എം റാവുവിന്റ നേതൃത്വത്തിലുള്ള 65 അംഗ സംഘമാണ് സുരക്ഷാ ചുമതലയ്ക്കായി എത്തിയിട്ടുള്ളത്. ഇതിൽ 45 പേരെ സന്നിധാനത്തും 20 പേരെ പമ്പയിലുമായി വിന്യസിച്ചിട്ടുണ്ട്.

എല്ലാത്തരം ദുരന്തങ്ങളെയും നേരിടാൻ സജ്ജരായാണ് ടീം എത്തിയിട്ടുള്ളത്.

വൈദ്യസഹായം ഉൾപ്പെടെ എല്ലാ സഹായങ്ങളും ഇവർ ഒരുക്കിയിട്ടുണ്ട്. മണ്ഡലകാല സീസൺ അവസാനിക്കുന്നത് വരെ ഇതേ ബറ്റാലിയൻ തന്നെയാണ് ഇവിടെ ഉണ്ടാവുക. കഴിഞ്ഞവർഷവും ഇവർ തന്നെയാണ് സേവനമനുഷ്ഠിച്ചത്.